**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 216** **02-08-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എ. പ്രഭാകരൻ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അടച്ചിട്ട ടൂറിസം കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം മുൻകരുതലാണ് കൈക്കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അടച്ചിട്ട ടൂറിസം കേന്ദ്രങ്ങൾ തുറക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ ഹോട്ടലുകളും റിസോർട്ടുകളും നിബന്ധനകൾക്ക് വിധേയമായി തുറക്കാൻ അനുമതി നൽകിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങൾ തുറക്കുന്നതിനുള്ള മുൻകരുതലായി ഡെസ്റ്റിനേഷനുകൾ കേന്ദ്രീകരിച്ചുള്ള വാക്സിനേഷൻ പദ്ധതി നടന്നു വരുന്നു. ആരോഗ്യ വകുപ്പുമായി ചേർന്ന് ടൂറിസം മേഖലയിൽ (ഹോട്ടൽ, റിസോർട്ട്) മുൻ നിരയിൽ പ്രവർത്തിക്കുന്ന 18 നും 45 വയസ്സിനും ഇടയിലുള്ള 20,000 ജീവനക്കാർക്ക് വാക്സിനേഷൻ നൽകി കഴിഞ്ഞു. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ടൂറിസ്റ്റ് ഗൈഡുകൾ, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ, ടൂർ ഓപ്പറേറ്റർമാർ, ഹോം സ്റ്റേകൾ, സർവ്വീസ്ഡ് വില്ലകൾ, ഗൃഹസ്ഥലി യൂണിറ്റുകൾ, ഹൗസ്ബോട്ടുകൾ, മോട്ടോർ ബോട്ടുകൾ എന്നിവയിലെ 18 വയസിനു മുകളിലുള്ള ജീവനക്കാർക്ക് വാക്സിൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | ടൂറിസം കേന്ദ്രങ്ങളിൽ സമ്പൂർണ്ണ വാക്സിനേഷൻ പദ്ധതി നടപ്പാക്കുന്നതിനായി ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | ടൂറിസം കേന്ദ്രങ്ങളിൽ സമ്പൂർണ്ണ വാക്സിനേഷൻ പദ്ധതി നടപ്പാക്കുന്നതിനായി ആദ്യ ഘട്ടത്തിൽ വയനാട് ജില്ലയിലെ വൈത്തിരി, മേപ്പാടി എന്നിവിടങ്ങളാണ് തെരഞ്ഞെടുത്തിരുന്നത്. അതിൽ വൈത്തിരിയിൽ വാക്സിനേഷൻ പ്രക്രിയ പൂർത്തിയായിട്ടുണ്ട്. മേപ്പാടിയിൽ വാക്സിനേഷൻ ആരംഭിക്കാൻ ഉള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. അടുത്ത ഘട്ടമായി കുമരകം, ഫോർട്ട് കൊച്ചി, ആലപ്പുഴ, വർക്കല, കോവളം എന്നിവിടങ്ങളിലാണ് സമ്പൂർണ്ണ വാക്സിനേഷൻ പദ്ധതി നടപ്പാക്കുക. |
| (സി) | ടൂറിസം കേന്ദ്രങ്ങൾ തുറക്കുന്നത് സംബന്ധിച്ച തീരുമാനം എന്തെല്ലാം നിബന്ധനകളുടെ | (സി) | വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഘട്ടം ഘട്ടമായി തുറക്കുന്ന കാര്യം ആലോചനയിലാണ്. |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിലാണ് എടുത്തിട്ടുള്ളതെന്നും പ്രസ്തുത തീരുമാനങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | | ഇക്കാര്യത്തിൽ കോവിഡ് വ്യാപനത്തോത് കണക്കിലെടുത്ത് സർക്കാർ എടുക്കുന്ന പൊതു തീരുമാനങ്ങൾക്കനുസൃതമായിട്ടുള്ള നടപടികളാണുണ്ടാവുക. |

സെക്ഷൻ ഓഫീസർ